

# ഖുർആൻ ബോധനം

738

എ.വൈ.ആർ

സൂറ-19

# മർയം

56. ഈ വേദത്തിൽ ഇദ്‌രീസ് ചരിതവും കീർത്തിക്കുക. അദ്ദേഹവും തികഞ്ഞ സത്യവാനായ പ്രവാചകനായിരുന്നു.

وَٱذۡكُرۡ فِي ٱلۡكِتَٰبِ إِدۡرِيسَۚ إِنَّهُۥ كَانَ صِدِّيقٗا نَّبِيّٗا ٥٦

57. നാം അദ്ദേഹത്തെയും ഉന്നത സ്ഥാനത്തേക്കുയർത്തിയിരിക്കുന്നു.

وَرَفَعۡنَٰهُ مَكَانًا عَلِيًّا ٥٧

58. ഇവരൊക്കെയും അല്ലാഹു അനുഗ്രഹിച്ചിട്ടുള്ള പ്രവാചകവര്യന്മാരത്രെ. ആദമിന്റെയും, നൂഹിനോടൊപ്പം നാം കപ്പലിൽ വഹിച്ചവരുടെയും വംശത്തിൽപെട്ടവർ; ഇബ്‌റാഹീമിന്റെയും ഇസ്‌റാഈലിന്റെയും സന്തതികളിൽപെട്ടവർ; നാം സന്മാർഗമരുളി തെരഞ്ഞെടുത്ത പുണ്യാത്മാക്കൾ! കരുണാമയനായ അല്ലാഹുവിന്റെ സൂക്തങ്ങൾ ഓതികേട്ടാൽ കരഞ്ഞുകൊണ്ട് പ്രണാമത്തിൽ വീഴുകയായിരുന്നു അവരുടെ പ്രകൃതം.

أُوْلَٰٓئِكَ ٱلَّذِينَ أَنۡعَمَ ٱللَّهُ عَلَيۡهِم مِّنَ ٱلنَّبِيِّـۧنَ مِن ذُرِّيَّةِ ءَادَمَ وَمِمَّنۡ حَمَلۡنَا مَعَ نُوحٖ وَمِن ذُرِّيَّةِ إِبۡرَٰهِيمَ وَإِسۡرَٰٓءِيلَ وَمِمَّنۡ هَدَيۡنَا وَٱجۡتَبَيۡنَآۚ إِذَا تُتۡلَىٰ عَلَيۡهِمۡ ءَايَٰتُ ٱلرَّحۡمَٰنِ خَرُّواْۤ سُجَّدٗاۤ وَبُكِيّٗا۩ ٥٨

59. അവർക്കുശേഷം ദുഷിച്ച പിൻഗാമികളുണ്ടായി. അവർ നമസ്കാരം പാഴാക്കിക്കളഞ്ഞു. സ്വേഛകളെ പിന്തുടരുകയും ചെയ്തു. ഈ അവിവേകത്തിന്റെ ദുഷ്പരിണതി അധികം വൈകാതെ അവർ നേരിടുന്നുണ്ട്.

۞فَخَلَفَ مِنۢ بَعۡدِهِمۡ خَلۡفٌ أَضَاعُواْ ٱلصَّلَوٰةَ وَٱتَّبَعُواْ ٱلشَّهَوَٰتِۖ فَسَوۡفَ يَلۡقَوۡنَ غَيًّا ٥٩

ഈ വേദത്തിൽ ഇദ്‌രീസി(ന്റെ ചരിതം)നെയും കീർത്തിക്കുക = وَٱذۡكُرۡ فِي ٱلۡكِتَٰبِ إِدۡرِيسَۚ

പ്രവാചകനായ = نَّبِيّٗا അദ്ദേഹം തികഞ്ഞ സത്യവാനായിരുന്നു = إِنَّهُۥ كَانَ صِدِّيقٗا

ഉന്നതമായ = عَلِيًّا സ്ഥാനത്തേക്ക് = مَكَانًا നാം അദ്ദേഹത്തെ ഉയർത്തിയിരിക്കുന്നു = وَرَفَعۡنَٰهُ

أُوْلَٰٓئِكَ = ഇക്കൂട്ടർ(ഇവരൊക്കെയും) ٱلَّذِينَ أَنْعَمَ ٱللَّهُ عَلَيْهِم = അല്ലാഹു ആരുടെ മേൽ അനുഗ്രഹിച്ചുവോ അവരത്രെ

مِّنَ ٱلنَّبِيِّـۧنَ = പ്രവാചക(വര്യ)ന്മാർ(രിൽ പെട്ടവർ) مِن ذُرِّيَّةِ ءَادَمَ = ആദമിന്റെ(യും) സന്തതികളിൽനിന്ന്

وَمِمَّنْ حَمَلْنَا = നാം (കപ്പലിൽ) വഹിച്ചവരിൽനിന്ന്(വരുടെയും വംശത്തിൽപെട്ടവർ) مَعَ نُوحٍ = നൂഹിന്റെ കൂടെ

وَمِن ذُرِّيَّةِ إِبْرَٰهِيمَ وَإِسْرَٰٓءِيلَ = ഇബ്റാഹീമിന്റെയും ഇസ്റാഈലിന്റെയും സന്തതികളിൽപെട്ടവർ

وَمِمَّنْ هَدَيْنَا = നാം സന്മാർഗദർശനമരുളിയവരിൽ നിന്നുമുള്ളവർ

وَٱجْتَبَيْنَآ = നാം തെരഞ്ഞെടുത്തവരിൽനിന്നുമുള്ള (പുണ്യാത്മാക്കൾ)

إِذَا تُتْلَىٰ عَلَيْهِمْ = അവരുടെ മേൽ ഓതപ്പെട്ടാൽ(അവർ കേട്ടാൽ)

ءَايَٰتُ ٱلرَّحْمَٰنِ = കരുണാമയനായവ(അല്ലാഹുവി)ന്റെ സൂക്തങ്ങൾ

خَرُّوا۟ = അവർ വീണു(വീഴുകയായിരുന്നു അവരുടെ പ്രകൃതം) سُجَّدًا = പ്രണാമം ചെയ്യുന്നവരായി(ണാമത്തിൽ)

وَبُكِيًّا = കരയുന്നവരായും(കരഞ്ഞുകൊണ്ട്) فَخَلَفَ = പിറകെ വന്നു, പിൻഗാമികളുണ്ടായി مِنۢ بَعْدِهِمْ = അവർക്കുശേഷം

خَلْفٌ = (ദുഷിച്ച) പിൻഗാമികൾ أَضَاعُوا۟ = അവർ പാഴാക്കിക്കളഞ്ഞു ٱلصَّلَوٰةَ = നമസ്കാരം وَٱتَّبَعُوا۟ = അവർ പിന്തുടർന്നു

ٱلشَّهَوَٰتِ = ദേഹേഛകളെ فَسَوْفَ = അടുത്ത് (ഏറെ താമസിയാതെ) يَلْقَوْنَ = അവർ നേരിടുന്നുണ്ട്

غَيًّا = (ഈ മാർഗഭ്രംശത്തിന്റെ) ദുഷ്ഫലം, നരകഗർത്തം

**56–57.** ഇവിടെ അനുസ്മരിക്കുന്ന ഇദ്‌രീസ് ആരാണെന്ന് കൃത്യമായി നിർണയിക്കാൻ പണ്ഡിതന്മാർക്ക് കഴിഞ്ഞിട്ടില്ല. സത്യവാനായ പ്രവാചകൻ എന്ന് മാത്രമേ ഇവിടെ പരിചയപ്പെടുത്തുന്നുള്ളൂ. സഹനശാലികളിൽപെട്ടവൻ എന്ന് സൂറഃ അൽഅമ്പിയാഅ് 85-ാം സൂക്തത്തിലും പരിചയപ്പെടുത്തിയിരിക്കുന്നു. ഇതിൽ കൂടുതൽ വിവരങ്ങളൊന്നും ഖുർആനിൽനിന്നോ പ്രബലമായ നബിവചനങ്ങളിൽനിന്നോ ലഭിക്കുന്നില്ല. ബൈബിൾ 'ഇദ്‌രീസ്' എന്ന പേരിൽ ഒരാളെ പരാമർശിക്കുന്നേയില്ല. ബൈബിൾ പലവട്ടം നഷ്ടപ്പെടുകയും പിന്നെ ജനങ്ങളുടെ മനഃപ്പാഠങ്ങളിൽനിന്ന് പുനഃക്രോഡീകരിക്കുകയും ചെയ്തിട്ടുണ്ടല്ലോ. അതിനിടയിൽ പല വിവരങ്ങളും ചോർന്നുപോവുകയും മാറിമറിയുകയും ചെയ്യുക സ്വാഭാവികമാണ്. അക്കൂട്ടത്തിൽ മറന്നുപോയതോ മറിഞ്ഞുപോയതോ ആവാം ഇദ്‌രീസ് നബിയുടെ കഥ എന്ന് ചില പണ്ഡിതന്മാർ അനുമാനിക്കുന്നു. ഇദ്‌രീസ് ഒരു ഇസ്റാഈലി പ്രവാചകനായിരുന്നുവെന്ന് ചിലർ പറയുന്നു. ഈജിപ്തുകാർ 'തഹൂതി' എന്നുവിളിച്ചിരുന്ന ചരിത്രപുരുഷനാണിദ്ദേഹമെന്നും അഭിപ്രായമുണ്ട്. യവനർ 'ട്രൈസ് മഗസ്റ്റസ്' എന്ന് അപരാഭിധാനം ചെയ്ത പുണ്യപുരുഷനാണിദ്ദേഹമെന്ന് ഇബ്നുൽ ഇബ്‌രി തന്റെ ചരിത്രഗ്രന്ഥത്തിൽ പറയുന്നു. അദ്ദേഹം അല്ലാഹുവിനെ ഉണ്മ, ജ്ഞാനം, ജീവൻ എന്നീ മൗലികങ്ങളായ ത്രിഗുണങ്ങളാൽ വിശേഷിപ്പിച്ചതാണത്രെ അതിനു കാരണം. യവന ഭാഷയിലെ 'ട്രൈസി'ന്റെ അറബിതൽഭവമാവാം ഇദ്‌രീസ് എന്ന് ഇബ്നു ആശുറാഅ് അനുമാനിക്കുന്നു.

ഖുർആൻ വ്യാഖ്യാതാക്കൾ പൊതുവിൽ, ബൈബിൾ 'ഹനോക്ക്' എന്നു പരാമർശിക്കുന്ന ചരിത്രപുരുഷനാണ് ഇദ്‌രീസ് എന്ന് കരുതുന്നവരാണ്. ഹനോക്കിനെ ബൈബിൾ പരിചയപ്പെടുത്തുന്നതിങ്ങനെ: "ഹനോക്കിന് 65 വയസ്സുള്ളപ്പോൾ മെഥൂശലഹ് ജനിച്ചു. മെഥൂശലഹ് ജനിച്ചശേഷം ഹനോക്ക് 300 വർഷം ദൈവത്തോടു കൂടെ നടന്നു. അയാൾക്ക് വേറെയും പുത്രീപുത്രന്മാർ ഉണ്ടായി. അങ്ങനെ ഹനോക്കിന്റെ ആയുഷ്കക്കാലം 365 വത്സരം. ഹനോക്ക് ദൈവത്തോടു കൂടെ നടന്നു. ദൈവം അയാളെ എടുക്കയാൽ അയാൾ അപ്രത്യക്ഷനായി" (ഉൽപ്പത്തി 5: 21–24).

ഹനോക്കിനെക്കുറിച്ച് തൽമൂദിലുള്ള വിവരണം സൂചിപ്പിക്കുന്നത് അദ്ദേഹം നൂഹ്നബിക്ക് മുമ്പ് ആഗതനായ പ്രവാചകനാണ് എന്നത്രെ. അന്നത്തെ മനുഷ്യരെല്ലാം അദ്ദേഹത്തിന്റെ പ്രബോധനം സ്വീകരിച്ചു. മൂന്നര നൂറ്റാണ്ട് കാലം ഹനോക്ക് മനുഷ്യവർഗത്തെ ഭരിച്ചു. അദ്ദേഹത്തിന്റെ ഭരണകാലത്ത് മനുഷ്യരിൽ സത്യവും നീതിയും കളിയാടി. ഭൂമിയിൽ ദൈവാനുഗ്രഹങ്ങൾ വർഷിച്ചുകൊണ്ടിരുന്നു....

നേരത്തെ ഇബ്റാഹീം നബിയെ പരിചയപ്പെടുത്തിയ صدّيق نبي എന്ന വാക്കുകൊണ്ടാണ് ഇദ്‌രീസ്(അ)നെ പരിചയപ്പെടുത്തുന്നത്. ഇതിന്റെ ആശയം അവിടെ വ്യക്തമാക്കിയിട്ടുണ്ട്. ഇബ്റാഹീം നബിയെപ്പോലെ അനേകം പരീക്ഷണങ്ങൾ വിജയകരമായി തരണം ചെയ്തശേഷമാവാം ഇദ്‌രീസ്നബി ഈ പദവിയിലെത്തിയത്. ഇവിടെയും സൂറഃ അൽഅമ്പിയാഇലും ഇദ്ദേഹത്തെ പരാമർശിക്കുന്നത് ഇസ്മാഈൽ നബിയോടൊപ്പമാണ് എന്നതും

ശ്രദ്ധേയമാകുന്നു. ഇസ്മാഈലിനെപ്പോലെ അദ്ദേഹത്തെയും സഹനശാലികളുടെ ഗണത്തിൽ എണ്ണിയിരിക്കുന്നു.

وَإِسْمَـٰعِيلَ وَإِدْرِيسَ وَذَا ٱلْكِفْلِ ۖ كُلٌّ مِّنَ ٱلصَّـٰبِرِينَ (ഇസ്മാഈലിനെയും ഇദ്‌രീസിനെയും ദുൽകിഫ്‌ലിനെയും അല്ലാഹു അനുഗ്രഹിച്ചിരിക്കുന്നു. അവരൊക്കെയും സഹനശീലരായിരുന്നു-21:85). ഇസ്മാഈലും ഇദ്‌രീസും(അ) തമ്മിൽ നല്ല സാദൃശ്യമുണ്ടെന്ന് ഇതിൽനിന്നു വ്യക്തമാകുന്നു. ഇസ്മാഈൽ നബിയെപ്പോലെ ക്ലിഷ്ടതയേറിയ പരീക്ഷണങ്ങൾ അചഞ്ചലമായ സഹനത്തോടെ, സ്ഥൈര്യത്തോടെ തരണം ചെയ്തതിനുള്ള പുരസ്കാരമാണ് അദ്ദേഹത്തിനു ലഭിച്ച ഉന്നത സ്ഥാനം.

وَرَفَعْنَـٰهُ مَكَانًا عَلِيًّا എന്ന വാക്കിന്റെ പദാനുപദ അർഥം നാം അദ്ദേഹത്തെ ഉന്നതമായ സ്ഥലത്തേക്കുയർത്തി എന്നാണ്. അദ്ദേഹത്തെ ആദരിച്ചു, ഉയർന്ന പദവിയിലെത്തിച്ചു, മഹത്വമുള്ളവനാക്കി എന്നൊക്കെയാണ് താൽപര്യം. ചില വ്യാഖ്യാതാക്കൾ ഈ വാക്യത്തെ അക്ഷരാർഥത്തിൽ സ്വീകരിച്ച്, അദ്ദേഹത്തെ വാനലോകത്തേക്കുയർത്തി എന്നും വ്യാഖ്യാനിച്ചിരിക്കുന്നു. ജീവനോടെ വാനലോകത്തേക്ക് ഉയർത്തിയെന്നാണ് ചിലർ പറയുന്നത്. മരണാനന്തരമാണ് ഉയർത്തിയതെന്ന് വേറെ ചിലർ പറയുന്നു. مكانا عليا-ഉയർന്ന സ്ഥലം-എന്ന വാക്ക് കുറിക്കുന്നത് സ്ഥലപരമായ ഉന്നതി رفعة فى المكان ആണ് رفعة فى الدّرجة-പദവിയുടെ ഉന്നതി-അല്ല എന്നാണവരുടെ ന്യായം. ഉദ്ദേശ്യം പദവിയുടെ ഉയർച്ച തന്നെ എന്നുവാദിക്കുന്നവരുടെ ന്യായമിതാണ്: مكان സ്ഥലമാണെങ്കിലും പദവിക്കു مكانة എന്നും പറയുമല്ലോ. مكان ഉം مكانة ഉം തമ്മിൽ വലിയ വ്യത്യാസമില്ല. അയാൾ രാജസന്നിധിയിൽ ഉയർന്ന പദവിയുള്ളവനാണ് എന്ന അർഥത്തിൽ فلان ذو مكان عند السلطان എന്നുപറയാറുണ്ട്. "ദൈവം അയാളെ എടുക്കയാൽ അയാൾ അപ്രത്യക്ഷനായി" എന്ന് ഹനോക്കിനെ കുറിച്ച് ബൈബിളും "അദ്ദേഹം ആഗ്നേയ രഥത്തോടും അശ്വങ്ങളോടുമൊപ്പം ആകാശത്തേക്കു കയറിപ്പോയി" എന്ന് തൽമൂദും പ്രസ്താവിക്കുന്നതാണ് ഇദ്‌രീസ്(അ) ആകാശാരോഹണം ചെയ്തുവെന്ന സങ്കൽപ്പത്തിന്റെ മുഖ്യഅവലംബം. ഒന്നാമതായി ഹനോക്ക് തന്നെയാണ് ഇദ്‌രീസ് എന്നതിന് സ്ഥിരീകരണമില്ല. രണ്ടാമതായി പ്രവാചകന്മാരെ കുറിച്ചുള്ള ഇസ്റാഈലി കഥകൾ മറ്റു തെളിവുകളുടെ അഭാവത്തിൽ അപ്പടി സ്വീകാര്യമാകുന്നില്ല.

ഡോ. വഹബതുസ്സുഹൈലി തന്റെ തഫ്സീറുൽ മുനീറിൽ ഇദ്‌രീസ് നബിയെ പരിചയപ്പെടുത്തുന്നതിങ്ങനെയാണ്: "ആദമിനും മകൻ ശേഥി(അ)നും ശേഷം ആഗതനായ ആദ്യ പ്രവാചകനാണിദ്ദേഹം. നൂഹ്നബിയുടെ പിതാവിന്റെ പിതാമഹനാണ് ഇദ്‌രീസ്(അ). ഈജിപ്തിൽ ജനിച്ചു. 'ഹുർമുസൂൽഹറാമിസ' എന്നാണദ്ദേഹം വിളിക്കപ്പെട്ടിരുന്നത്. ജനനം ബാബിലോണിലായിരുന്നുവെന്നും പ്രസ്താവമുണ്ട്. ശേഥിന്റെ പ്രപൗത്രനാണ്. ശേഥിന്റെ ജ്ഞാനം സ്വായത്തമാക്കി, ജനങ്ങളിൽ ദൈവിക സന്ദേശം പ്രബോധനം ചെയ്തുകൊണ്ട് ഈജിപ്തിൽ വസിച്ചു. നഗരാസൂത്രണവും അദ്ദേഹം പഠിപ്പിച്ചിരുന്നു. ആദ്യമായി തൂലിക കൊണ്ട് എഴുതിയതും വസ്ത്രങ്ങൾ തുന്നിയതും അദ്ദേഹമായിരുന്നു. 82 വയസ്സുവരെ ഭൂമിയിൽ ജീവിച്ചു."

**58.** മുകളിൽ കീർത്തിക്കപ്പെട്ട എല്ലാവരും അല്ലാഹുവിന്റെ സവിശേഷമായ അനുഗ്രഹം സിദ്ധിച്ച പ്രവാചകവര്യന്മാരായിരുന്നു. അവരൊക്കെയും ആദം സന്തതികളായിരുന്നു. 'മനുഷ്യർ പ്രവാചകന്മാരാവുകയോ' എന്ന ഖുറൈശികളുടെ സന്ദേഹത്തിന്റെ പശ്ചാത്തലത്തിൽ ഈ പരാമർശത്തിന് സവിശേഷമായ പ്രസക്തിയുണ്ട്. ഇവിടെ പറഞ്ഞവരിലാരും മനുഷ്യരല്ല എന്ന് ആ പ്രവാചകന്മാരിൽ വിശ്വസിച്ചവർക്കോ അല്ലാത്തവർക്കോ വാദമില്ല. അവരുടെ ശിഷ്യന്മാരല്ലാത്തവർപോലും അവരെ പ്രവാചകന്മാരായി അംഗീകരിക്കുന്നുമുണ്ട്. എന്നിരിക്കെ മുഹമ്മദ്നബി മനുഷ്യനാകുന്നു എന്നത് അദ്ദേഹത്തിന്റെ പ്രവാചകത്വത്തിന്റെ നിഷേധമാണെന്ന വിഗ്രഹാരാധകരുടെ വാദം നിരർഥകമാണ്. പരാമൃഷ്ടരായവരിൽ ഇദ്‌രീസും നൂഹും(അ) ആദമുമായുള്ള വംശബന്ധത്തിനുമാത്രം അവകാശികളാണ്. ഇബ്റാഹീമിന്ന് ആദമിനു ശേഷം നൂഹിന്റെ വംശബന്ധവും കൂടിയുണ്ട്. ഇസ്മാഈൽ, ഇസ്ഹാഖ്, യഅ്ഖൂബ് എന്നിവർ ഇബ്റാഹീം സന്തതികളാണ്. മൂസാ, ഹാറൂൻ, സകരിയ്യ, യഹ്‌യാ, ഈസാ എന്നിവർ ഇസ്റാഈൽ വംശജരും. അല്ലാഹു അവന്റെ ധർമക്രമം-ദീൻ-പഠിപ്പിച്ച് പ്രവാചകത്വത്തിനും ദൗത്യനിർവഹണത്തിനുമായി പ്രത്യേകം തെരഞ്ഞെടുത്തിട്ടുള്ളവരാണിവർ. പലയിടത്തായി ചിതറിക്കിടക്കുന്നത് പെറുക്കിയെടുക്കലും, കതിരും പതിരും കലർന്നതിൽനിന്ന് കതിര് തെരഞ്ഞെടുക്കലുമാണ് اجتباء. പല ദേശങ്ങളിൽ, പല കാലങ്ങളിൽ, സമുദായങ്ങളിൽനിന്ന് പ്രവാചകത്വ പദവിക്കുവേണ്ടി അല്ലാഹു തെരഞ്ഞെടുത്തവർ എന്നാണിവിടെ ആശയം. അല്ലാഹുവിന്റെ സൂക്തങ്ങൾ കേൾക്കുമ്പോൾ പ്രണാമത്തിൽ വീഴുകയായിരുന്നു അവരുടെ പ്രകൃതം. അത്രയേറെ ഭക്തിനിർഭരവും നിഷ്കളങ്കവുമായിരുന്നു അവരുടെ മനസ്സ്. خَرُّوا۟ سُجَّدًا وَبُكِيًّا എന്നാണ് മൂലവാക്യം. ساجد ന്റെ ബഹുവചനമാണ് سجد. ബകാ(بَكَى)യുടെ കർതൃപദമായ باكى യുടെ ബഹുവചനമാണ് بكيّ. ഈ വാക്യം ساجدين وباكين എന്നും പറയാം. അതിനെക്കാൾ അർഥപുഷ്ടിയുള്ള പ്രയോഗമാണ് سُجَّدًا وَبُكِيًّا.

ദൈവിക സൂക്തങ്ങൾ കേട്ടാൽ സർവാത്മനാ അതിനു വിധേയത്വവും അതുകേൾക്കാൻ ഉതവിയരുളിയ അല്ലാഹുവിനു നന്ദിയും പ്രകടിപ്പിക്കുകയാണ് യഥാർഥ

ദൈവവിശ്വാസികളുടെ സ്വഭാവമെന്നു സംബോധിതരെ ഉണർത്തുക, മുകളിലെ പ്രവാചക കീർത്തനങ്ങളുടെ പ്രധാന ഉദ്ദേശ്യങ്ങളിൽപെടുന്നു. സംബോധിതരായിരുന്ന അറേബ്യൻ മുശ്‌രിക്കുകളും യഹൂദരും ക്രൈസ്തവരുമെല്ലാം ഏതെങ്കിലും പ്രവാചകന്മാരുമായി വംശബന്ധം അവകാശപ്പെടുന്നവരാണ്. ആ പ്രവാചകന്മാരെല്ലാം ദൈവിക സന്മാർഗത്തിന്റെ സ്രോതസ്സുകളെന്നറിയപ്പെട്ടവരാണ്. എന്നാൽ അവരുടെ പിന്മുറക്കാരെന്നവകാശപ്പെടുന്ന ഈ മൂന്നുകൂട്ടരും അവർ പഠിപ്പിച്ച ആദർശ വിശ്വാസങ്ങളിൽനിന്നും സ്വഭാവചര്യകളിൽനിന്നും എത്രയോ വിദൂരത്താണ് നിലകൊണ്ടിരുന്നത്. ദൈവിക സൂക്തങ്ങൾ കേൾക്കുമ്പോൾ ഭക്തി പാരവശ്യത്താൽ തേങ്ങിക്കരഞ്ഞ് പ്രണാമത്തിൽ വീണിരുന്ന പ്രവാചകന്മാരുടെ ശിഷ്യന്മാർ ചെയ്യുന്നത് ദൈവത്തിങ്കൽ നിന്നവതീർണമായ ഖുർആൻ സൂക്തങ്ങൾ കേൾക്കുമ്പോൾ അഹന്തയോടെ ചെവിപൊത്തുകയും, തള്ളിപ്പറഞ്ഞും പരിഹസിച്ചും ബഹളമുണ്ടാക്കുകയുമാണ്.

മനുഷ്യകുലത്തിന് സത്യവിശ്വാസത്തിന്റെയും സാധുവായ ദൈവാരാധനയുടെയും ദൈവിക ധർമചര്യയുടെയും വിശിഷ്ട മാതൃകകളായ പ്രവാചകന്മാരെ മാതൃകയാക്കി ജീവിക്കുകയാണ് സത്യത്തിലേക്കും ധർമത്തിലേക്കും അതുവഴി ദൈവത്തിലേക്കും എത്താനുള്ള വഴി എന്നാണിവിടെ സൂചിപ്പിക്കുന്നത്. സൂറഃ അൽഅൻആം 83-90 സൂക്തങ്ങളിൽ പതിനെട്ടോളം പ്രവാചകന്മാരെ പ്രകീർത്തിച്ച ശേഷം ഇക്കാര്യം വ്യക്തമായി പ്രസ്താവിച്ചിരിക്കുന്നു.

أُوْلَٰٓئِكَ ٱلَّذِينَ هَدَى ٱللَّهُۖ فَبِهُدَىٰهُمُ ٱقْتَدِهْۗ (ആ പൂർവഗാമികളെല്ലാം അല്ലാഹു സന്മാർഗമരുളിയവരായിരുന്നു. അവർ നടന്ന നേർവഴി തന്നെ നീയും പിന്തുടരുക). ഈ വാക്യത്തെ ആധാരമാക്കി, പ്രകൃത സൂക്തം പാരായണം ചെയ്യുമ്പോൾ പാരായണ പ്രണാമം (سجود التلاوة) സുന്നത്താണെന്ന കാര്യത്തിൽ പണ്ഡിതന്മാർ ഏകോപിച്ചിരിക്കുന്നു. ഇതിനനുകൂലമായി ചില നിവേദനങ്ങളും ഉദ്ധരിക്കപ്പെട്ടിട്ടുണ്ട്.

**59.** മൂലത്തിലെ خَلْفٌ ന്ന് خَلَف എന്ന രൂപവുമുണ്ട്. രണ്ടിന്റെയും അർഥം വ്യത്യസ്തമാണ്. خَلَف -പിൻഗാമികളെ പൊതുവായി സൂചിപ്പിക്കുന്നു. ദുഷിച്ച പിൻഗാമികളെ കുറിക്കാൻ മാത്രമേ خَلْف ഉപയോഗിക്കാറുള്ളൂ. മുന്നിലുണ്ടായിരുന്ന വിഗ്രഹാരാധകരെയും യഹുദരെയും ക്രൈസ്തവരെയുമാണ് ഇവിടെ ദുഷിച്ച പിൻഗാമികൾകൊണ്ടുദ്ദേശിക്കുന്നത്. അവരാണല്ലോ ഉപരിസൂചിത പ്രവാചകന്മാരുടെ പിന്മുറക്കാരെന്നവകാശപ്പെടുന്നവർ. അവർ ദുഷിച്ച പൻഗാമികളായതിന്റെ കാരണമാണ് നമസ്കാര വർജനവും ദേഹേച്ഛകളെ പിൻപറ്റലും-اضاعة الصّلوة واتّباع الشّهوات. അതായത് തങ്ങൾ പ്രവാചകന്മാരുടെ പിന്മുറക്കാരാണെന്നും പൂർവപിതാക്കളായ പ്രവാചകന്മാർ സന്മാർഗസ്ഥരും പുണ്യാത്മാക്കളുമാണെന്നും അവകാശപ്പെട്ടുകൊണ്ടിരിക്കെത്തന്നെ, ആ പൂർവികരുടെ ജീവിതദർശനവും കർമചര്യകളുമെല്ലാം വർജിച്ച് ഭൗതികാസക്തികളുടെ പിമ്പേപോയതുകൊണ്ട് അവർ അധമരായിത്തീർന്നു. പ്രവാചകന്മാരുടെ പൈതൃകമവകാശപ്പെടാൻ അവരുമായുള്ള വംശബന്ധം മാത്രം മതിയാവില്ല. അവർ അവതരിപ്പിച്ച ആദർശവിശ്വാസങ്ങളുടെയും മാർഗദർശനങ്ങളുടെയും ജീവിതമാതൃകയുടെയും വാഹകരായിരിക്കുക കൂടി വേണം. ഇക്കൂട്ടരോ, അതെല്ലാം തള്ളിക്കളഞ്ഞിരിക്കുന്നു. أَضَاعُواْ ٱلصَّلَوٰةَ എന്നാണ് മൂലവാക്യം. വിലപ്പെട്ട സംഗതിയിൽ അലംഭാവമനുവർത്തിക്കുകയും അതിനെ നിഷ്ഫലമാക്കുകയുമാണ് اضاعة. ഒരു കർമം തീരെ വർജിക്കുന്നതും നിഷ്ഫലമായ രൂപത്തിൽ അനുഷ്ഠിക്കുന്നതും اضاعة ആണ്. ഇതുപ്രകാരം നമസ്കാരം ഉപേക്ഷിക്കുന്നതും അലസമായി അനുഷ്ഠിക്കുന്നതും اضاعة الصّلوة ആകുന്നു.

فَوَيْلٌ لِّلْمُصَلِّينَ ﴿٤﴾ ٱلَّذِينَ هُمْ عَن صَلَاتِهِمْ سَاهُونَ ﴿٥﴾ സ്വന്തം നമസ്കാരത്തെക്കുറിച്ചശ്രദ്ധരാകുന്ന നമസ്കാരക്കാർക്ക് ഹാകഷ്ടം എന്ന് 107:4,5 ൽ പ്രസ്താവിച്ചിട്ടുണ്ടല്ലോ. നമസ്കാരംകൊണ്ട് ഉദ്ദേശിക്കപ്പെട്ടിട്ടുള്ള സൽഗുണങ്ങൾ ജീവിതത്തിൽ പ്രതിഫലിക്കാത്ത നമസ്കാരം اضاعة الصّلوة ആകുന്നു. ഒരു കണക്കിന് നമസ്കാരം ഉപേക്ഷിക്കുന്നതിനെക്കാൾ(ترك الصلوة) ഗുരുതരമാണ് اضاعة الصّلوة. ദൈവഭക്തിയുടെ ചൈതന്യമുള്ള നമസ്കാരം നിർവഹിക്കുന്നവരുടെ ജീവിതത്തെ നയിക്കുന്നത് അല്ലാഹുവിന്റെ വിധിവിലക്കുകളും അവന്റെ പ്രീതിയിലുള്ള പ്രതീക്ഷയുമായിരിക്കും. നമസ്കാരം ഉപേക്ഷിക്കുകയോ പാഴ്നമസ്കാരം നടത്തുകയോ ചെയ്യുന്നവർക്ക് ഈ വെളിച്ചം ലഭിക്കുന്നില്ല. സ്വേചരകളും ജഡികാസക്തികളുമായിരിക്കും അവരെ നയിക്കുന്നത്. അങ്ങനെയുള്ളവർ ആ മാർഗഭ്രംശത്തിന്റെ ദുരന്തം അനുഭവിക്കേണ്ടിവരിക തന്നെ ചെയ്യും. മൂലത്തിലെ غي ന്ന് മാർഗഭ്രംശം, മൗഢ്യം, അവിവേകം, തിന്മ എന്നീ അർഥങ്ങളുണ്ട്. رشد (വിവേകം) ന്റെയും خير (നന്മ) ന്റെയും വിപരീതമായും സാധാരണ ഇത് ഉപയോഗിക്കാറുണ്ട്. കർമഫലത്തിന്റെ സ്ഥാനത്ത് കർമത്തെ സ്ഥാപിച്ചുകൊണ്ടാണ് يلقون غيا എന്നുപറഞ്ഞിരിക്കുന്നത്. ഈ മാർഗഭ്രംശത്തിന്റെ, അവിവേകത്തിന്റെ തിക്തമായ അനന്തരഫലം തീർച്ചയായും അനുഭവിക്കേണ്ടിവരുമെന്നാണുദ്ദേശ്യം. سوف എന്ന പദം ഈ താക്കീതിനെ ദൃഢീകരിക്കുന്നതോടൊപ്പം ഭവിഷ്യത്ത് അനതിവിദൂരമാണെന്ന് സൂചിപ്പിക്കുകയും ചെയ്യുന്നു.

നേരത്തെ പ്രവാചകന്മാരുടെ ചരിത്രകഥനങ്ങളിൽ അവർ നമസ്കാരവും സകാത്തും കൽപ്പിച്ചുവെന്നാണ് പറഞ്ഞിട്ടുള്ളത്. ഇവിടെ പിന്മുറക്കാരെക്കുറിച്ചു പറഞ്ഞപ്പോൾ അവർ നമസ്കാരം പാഴാക്കിയെന്നേ പറയുന്നുള്ളൂ. അവർ സകാത്ത് മുറപോലെ നിർവഹിക്കുന്നതുകൊണ്ടല്ല; ദേഹേച്ഛകളെ പിൻപറ്റുന്നു(واتبعو الشهوات)വെന്ന് പറയുമ്പോൾ സകാത്ത് നിർവഹിക്കുന്നില്ല എന്ന് പ്രത്യേകം പറയേണ്ടതില്ലാത്തതുകൊണ്ടാണത്. സകാത്തിൽനിന്നും ധർമമാർഗത്തിൽ വല്ലതും ചെലവഴിക്കുന്നതിൽനിന്നും മനുഷ്യനെ തടയുന്നത് സ്വേച്ഛകളോടുള്ള അമിത വിധേയത്വമാണ് എന്ന സൂചനയും ഇതിലുണ്ട്. സകാത്ത് കൊടുക്കുന്നില്ല എന്നുപറയുന്നതിനുപകരം അതു കൊടുക്കാതിരിക്കാൻ അവരെ പ്രേരിപ്പിക്കുന്നതെന്താണെന്നു പറഞ്ഞിരിക്കുകയാണിവിടെ.

■